# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in

കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 12/2020(23),ചൊവ്വാഴ്ച — തീയ്യതി 17.03.2020

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 18.03.2020 | 19.03.2020 | 20.03.2020 | 21.03.2020 | 22.03.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0.3 | 0 | 0 | 2 | 0 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 64 | 64 | 64 | 64 | 64 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 20 | 20 | 20 | 16 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 290 | 290 | 290 | 290 |
| മേഘവ്യാപ്തി (ഒക്ട) | 6 | 1 | 2 | 7 | 7 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. ആവശ്യമെങ്കിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്.

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:**വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| വാഴ | മണ്ഡരി | വാഴയുടെ ഇലകളിൽ മണ്ഡരിയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി 3 ഗ്രാം ഗന്ധകം (wettable sulphur) ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളുടെ അടിയിൽ പതിയതക്കവിധം തളിച്ചു കൊടുക്കാവുന്നതാണ്. |
| തെങ്ങ് | വെള്ളീച്ച | വരണ്ട കാലാവസ്ഥയിൽ തെങ്ങോലകളിൽ കാണുന്ന വെള്ളീച്ചകളെ നിയന്ത്രിക്കാൻ പ്രകൃതിയിൽ മിത്രകീടങ്ങൾ ഉള്ളതിനാൽ കീടനാശിനിപ്രയോഗം ഒഴിവാക്കുക. വെള്ളീച്ചകളുടെ ആക്രമണം രൂക്ഷമാകുന്നുവെങ്കിൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ ഇലകളിൽ പതിയത്തക്കവണ്ണം തളിച്ച് കൊടുക്കാവുന്നതാണ്. |
| | കരിംപൂപ്പ് | വരണ്ട കാലാവസ്ഥയിൽ തെങ്ങോലകളിൽ കാണുന്ന കരിംപൂപ്പ് തടയുന്നതിനായി കഞ്ഞിവെള്ളം തളിച്ചു കൊടുക്കാവുന്നതാണ്. |
| മുളക് | വെള്ളീച്ച | മുളകിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൾഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് തളിക്കുക. |
| മൃഗസംരക്ഷണം | വയറ്റിലുണ്ടാകുന്ന അധിക അമ്ലതയും, ദഹനക്കേടും ഒരു വേനൽക്കാല പ്രശ്നമായതിനാൽ അത് ഒഴിവാക്കാനായി 30 ഗ്രാം സോഡ പൊടിയും ഒരു ടീസ്പൂൺ യീസ്റ്റ് കുതിർത്തതും തീറ്റയിൽ ചേർത്തു ദിവസവും നൽകുക.( CAADECCS, KVASU, മണ്ണുത്തി) | |